# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6503 — 11/7/2012 ൽ മറുപടിക്ക്

### സർക്കിൾ ഇൻസ്പെക്ടർമാരുടെ ഡേ-ഓഫ് അലവൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് എത്ര രൂപ നിരക്കിലാണ് ഡേ-ഓഫ് അലവൻസ് അനുവദിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഉത്തരവിലെ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) 26.02.2011 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ 85/2011/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് 250/- രൂപ ഡേ-ഓഫ് അലവൻസ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഡേ-ഓഫ് അലവൻസ് ഇതുവരെയും ലഭ്യമാകാത്ത സർക്കിൾ ഇൻസ്പെക്ടർമാർ എത്രപേരുണ്ട്; | (ബി) കേരളത്തിൽ പോലീസ് ഇൻസ്പെക്ടർ റാങ്കിൽ പ്രവർത്തിയെടുത്തുവരുന്ന ആർക്കും ഡേ-ഓഫ് അലവൻസ് ലഭിച്ചിട്ടില്ല. |
| (സി) | എന്ത് സാങ്കേതിക തടസ്സം നിമിത്തമാണ് പ്രസ്തുത സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഇതുവരെ ഡേ-ഓഫ് അലവൻസ് ലഭിക്കാത്തത്; | (ബിയും, സിയും) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | അർഹരായ മുഴുവൻ സർക്കിൾ ഇൻസ്പെക്ടർമാർക്കും ഡേ-ഓഫ് അലവൻസ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? | |

സെക്ഷൻ ഓഫീസർ